അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ബി.ഒ.റ്റി. സമ്പ്രദായത്തിൽ പദ്ധതികൾ

2 [3407] ശ്രീ. കെ. രാധാകൃഷ്ണൻ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ രംഗത്ത് ബി. ഒ. റ്റി. സമ്പ്രദായത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ബി. ഒ. റ്റി. സമ്പ്രദായത്തിൽ നടപ്പിലാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്;

(സി) തയ്യാറാക്കപ്പെട്ട പദ്ധതികൾ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക വെളിപ്പെടുത്താമോ;

(ഡി) സർക്കാർ ഭൂമി വിട്ടുകൊടുക്കേണ്ടിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ഇ) ഏതെല്ലാം സ്ഥാപനങ്ങളുമായി ഏതെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്;

(എഫ്) ടെണ്ടറില്ലാതെ നേരിട്ട് കരാറായിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്?

ഉത്തരം

(എ) അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ രംഗത്ത് ബി. ഒ. റ്റി. സമ്പ്രദായത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടില്ല.

(ബി—എഫ്) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

3 [3408] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുമോ;

(സി) അനധികൃതമായും ആവശ്യത്തിലധികമായും നടത്തിയിട്ടുള്ള നിയമനങ്ങൾമൂലം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇത്തരം നിയമനങ്ങൾ ഒഴിവാക്കുന്നതിനും നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനും സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പെർഫോർമൻസ് കോൺട്രാക്ട് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് സിസ്റ്റം എന്നിവ മാനദണ്ഡമാക്കിയുള്ള പരിശോധനയും ആഡിറ്റിംഗും നടത്തുന്നുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജീരിയൽ/സൂപ്പർവൈസറി വിഭാഗത്തിൽപ്പെട്ട ഏകദേശം മൂവായിരത്തോളം ഉദ്യോഗസ്ഥൻമാരുടെ കഴിവുകൾ അവലോകനം ചെയ്ത് വരുന്നു. ഈ പദ്ധതിയിൽക്കൂടി കഴിവുള്ള മാനേജർമാരെ തെരഞ്ഞെടുത്ത് ഓരോ മേഖലകളിലും മെച്ചപ്പെട്ട ട്രെയിനിംഗ് സംവിധാനം ഏർപ്പെടുത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്.

(സി, ഡി) കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവശ്യത്തിലധികമായി നിയമനങ്ങൾ നടത്തുന്നില്ല. പല സ്ഥാപനങ്ങൾക്കും നിലവിലുള്ള ജീവനക്കാർ അധികമായതിനാൽ ഇ. ആർ. സി. ശുപാർശ പ്രകാരം വി. ആർ. എസ്. പ്രഖ്യാപിക്കുന്നുണ്ട്. വളരെ അത്യാവശ്യമായിട്ടുള്ള മേഖലകളിൽ നടത്തപ്പെടുന്ന നിയമനങ്ങൾ പലപ്പോഴും ഡെപ്യൂട്ടേഷനിലും കോൺട്രാക്ട് വ്യവസ്ഥയിലുമാണ്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ഇ. ആർ. സി. പുനരുദ്ധാരണ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആവശ്യമായ പരിശോധനകൾക്കു ശേഷം അവ സർക്കാർ അംഗീകരിക്കുകയും ചെയ്യുന്നുണ്ട്.

ആർ. സി. ചൗധരി കമ്മീഷൻ റിപ്പോർട്ട്

4 [3409] ശ്രീ. മത്തായി ചാക്കോ:
" മഞ്ഞളാംകുഴി അലി:
" വി. കെ. ചന്ദ്രൻ:
" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള സർക്കാരിന്റെ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് ലക്ഷ്യം വച്ചുകൊണ്ടുള്ള ആർ. സി. ചൗധരി കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനത്തിനെതിരെ കേരളത്തിലെ ട്രേഡ് യൂണിയനുകൾ എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ലാഭമുണ്ടാക്കുന്നതിനും ഉതകുന്ന എന്തെങ്കിലും നിർദ്ദേശം ട്രേഡ് യൂണിയനുകൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങളിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly